


*By Abhilash Peethambaran (1998 Dairy)*

അപൂർണ്ണമെങ്കിലും മഹത്തായൊരു സ്രഷ്ടിയായിരുന്നു ആ വീട്.നഗരത്തിൻെറ തിരക്കുകളിൽ നിന്നൊഴിഞ്ഞു..എന്നാൽ മട്ടൂപ്പാവിൽ നിന്നു ദൂരെ കായലിൻെറ നീലിച്ച അതിരു കാണാൻ പറ്റും വിധം അത് ഭാവന ചെയ്തതൊ യാദ്രുശ്ച്ചികമായി വന്ന് പെട്ടതൊ എന്നറിയില്ല.ആദ്യ കാഴ്ചയിൽ തന്നെ ആരെയും സ്തബ്ദ്നാക്കുവൻ പോന്നവണ്ണം അതിശയകരമായിരുന്നു അതിൻെറ പണിത്തരം.അയാൾക്ക് സ്രിഷ്ടികളിൽ വിശ്വാസം കുറഞ്ഞൂ വരുന്ന കാലമായിരുന്നു. നൂറ്റണ്ടുകൾ പഴക്കമുള്ള മഹത്തായ നിർമ്മിതികൾ കല്ലിനു നിറവ്യത്യാസമൊ കുമ്മായത്തിനു പശക്കുറവോ ഇല്ലാതെ നിൽക്കൂമ്പോൾ മേൽതരം പണികൾ മാത്രമുള്ള പുതിയ സൗധങ്ങൾ, സുന്ദരമായ ഓർമ്മകൾ മാത്രം ബാക്കി വെച്ച പുത്തൻ സൗഹ്രുദങ്ങൾ,തലമുറകൾ നീണ്ടുപോകുമെന്നു പ്രത്യാശിച്ച കുടുംബ ബന്ധങ്ങൾ ഒക്കെ നിമിഷങ്ങൾ കൊണ്ടു നിലമ്പൊത്തുന്ന കാലം.

വീടിനെ ക്കുറിച്ചോർത്തപ്പോഴെല്ലാം ഡേവിഡ്.. ‘മുഹമ്മദ് ഖാൻ ’എന്ന സൂഫിയെക്കുറിച്ചോർത്തു. ചുവപ്പ് ക്ല്ലുകളുടെ തണുപ്പും മക്ബറയുടെ കമാനങ്ങളും നെല്ലിമരങ്ങളൂടെ ഭീതിപ്പെടുത്തുന്ന തണലും ചിന്തകളിലേക്ക് വന്നു.മുഗൾ വാസ്തു കലയുടെ വക്കുകളിൽ മാഞ്ഞുപോകാൻ തുടങ്ങിയ ഉർദു ലിഖിതങ്ങളും ഉദ്യാനത്തിൽ മുമ്പെ പൂത്ത കണിക്കൊന്നകളും..വിട്ടൊഴിയാൻ മടിക്കുന്ന നിത്യ സന്ദർശകരും....പ്രാവുകളും.....

“എൻെറ സ്നേഹം റോസ് ഡെയ്ലിൽ നിൻറമ്മയോടൊപ്പം ഇപ്പോഴുമുണ്ട്...” അച്ഛരൻ അയാളുടെ മുൻപിൽ കുമ്പസാരിക്കുകയായിരുന്നില്ല.പരസ്പരമുള്ള അച്ഛരൻ മകൻ എന്ന കെട്ടുപാടുകളിൽ നിന്നു സുഹ്രുത്തുക്കൾ എന്ന നിലയിലേക്ക് വളരെ പെട്ടന്നു മദ്യം അവരെ എത്തിക്കുകയായിരുന്നു.തുടർന്നു റോസ്ഡെയിലെന്ന സ്രുഷ്ടിയിലേക്കു നയിച്ച മനോഹര ചിന്തകളെപ്പറ്റി അദ്ദേഹം വാചാലനായി.കുടിച്ച് ലെക്കു കെട്ടതോടെ ആ സംഭാഷണം എവിടെയൊ അവസാനിക്കുകയായിരുന്നു.

യഥാർത്ഥത്തിൽ, വിട്ടുകൊടുക്കില്ലെന്നൊരു വാശിയോടെ അമ്മ അവിടെ താമസമുറപ്പിച്ചതാവാനേ വഴിയുള്ളു എന്ന് ഡേവിഡ് വിശ്വസിക്കുന്നു. അച്ഛരൻെറ ചിന്തകൾ വായിച്ചെടുക്കുവാൻ സ്വന്തം മനസ്സിലേക്കുള്ള കുറുക്കുവഴികൾ തന്നെ ധാരാളം...ഓരോ പുത്രനും ഓരോ തുടർച്ച..ഹുമയൂണിൻെറ മകൻ അക്ബർ.അക്ബറിൻെറ മകൻ സലിം..സലിമിൻെറ ഗുരു മുഹമ്മദ് ഖാൻ..ഗുരു ഒരു പടയോട്ടത്തിൽ വധിക്കപ്പെടുകയായിരുന്നു. വീട് എന്ന ആശയം വളരെ പഴയതാണു. അമ്മയുടെ ആവശ്യങ്ങൾ നിഷ്കരുണം തള്ളിക്കളയുന്നതിൽ അച്ഛരനു അധികം ആലോചിക്കേണ്ടിയിരുന്നില്ല അന്നും.ഒരു മരം ശാഖകളിൽ നിന്ന് വേരിലേക്ക് തിരിച്ച് പോകുന്നതു അദ്ദേഹം ഭാവന ചെയ്തു. മഴക്കാലങ്ങളിൽ പുതിയ സങ്കൽപ്പങ്ങളുമായി വൻ നഗരങ്ങളിൽ നിന്ന് അദ്ദേഹം വീടണഞ്ഞു.“ഇങ്ങനെ ചോരാൻ തുടങ്ങിയാ..ഒരു തുള്ളി കൂടി വെളീപ്പോവത്തില്ല..” അവർ ഓർമ്മിപ്പിച്ചു. അദ്ദേഹമതു മറക്കുക പതിവായതോടെ പല്ലവി പാടുന്ന പണി നിർത്തി അവർ മൺകുടങ്ങളുമായി കാത്തിരുന്നു.മഴവെള്ളം പുരക്കകത്ത് കുടങ്ങളിൽ നിരഞ്ഞു പുറത്തേക്കൊഴുകി. നാട്ടിൽ പ്രളയം!.അതൊരു സത്യമായിരുന്നു.അവർക്ക് ഒരു വാഗ്ദാനവും.. ക്രിത്യമായ ഇടവേളകളിൽ പാലിക്കപ്പെടുന്ന ഒന്ന്.

ഡേവിഡിനു അന്ന് അഞ്ചാറു വയസ്സ് പ്രായം.ആദ്യം വന്നത് താറാവുകൾ..പിന്നാലെ ഞണ്ട്കൾ...“നാളത്തേക്ക് ഇങ്ങെത്തും”.....ദൂരെ കായലിൽ പതഞ്ഞു പൊന്തുന്ന..തിരകളിലേക്കു നോക്കി അവർ ആത്മഗതം ചെയ്തു..അക്കര വിട്ട് ഇക്കരയെത്തുന്ന താറാവുകൾ..കരയിലെ

ചെരുതെങ്ങുകളിൽ ഇടം പിടിക്കുന്ന ഞണ്ടുകൾ. നിമിഷമ്പ്രതി കറുത്തും വെളുത്തും ആകാശമങ്ങനെ....വീർത്ത്കെട്ടിയ മുഖവുമായി പകൽ..ഇടയ്ക്കിടെ ഇറ്റ് വീഴുന്ന നെടുവീർപ്പുകൾ, ഓർക്കാപ്പുറത്തോടിയെത്തുന്ന കാലൊച്ചകൾ..കിതപ്പ്..നീണ്ട നിശ്ശബ്ദ്ധത..അടക്കിപ്പിടിച്ചും അലറിക്കരഞ്ഞും മഴയാടാറുള്ള മുടിയാട്ടം..തന്നെ ഒടുക്കം...വെള്ളപ്പൊക്കത്തിനു പണ്ടെയുള്ള പതിവാണതു
തൊഴുത്തിൽ ആടുകൾ കൂട്ടമായി കരഞ്ഞു.അവയെ മേയാനിറക്കിയിട്ട് ദിവസങ്ങൾ കഴിഞ്ഞിരുന്നു.പുരപ്പുറത്ത് കോഴികൾ ഉറക്കെ കൊക്കി..തല ഉയർത്തിയ താറാവുകൾ വാശിയോടെ വെള്ളത്തിൽ ഇരതേടൽ തുടർന്നു. “വെളീലെറങ്ങരുത്...കാലു പുഴുത്താ..മരുന്നൊന്നുരിപ്പില്ലാ..ചൊറിയ്യില്ലാതെ”സ്വരത്തിൽ ഇടയ്ക്കിടെ മാത്രം മിന്നുന്ന മൂർച്ച സൂക്ഷിച്ചു അവർ.തെങ്ങോല മേഞ്ഞ വീടിൻെറ മുറിയിൽ വെളിച്ചമുണ്ടായിരുന്നതു വിളക്കു കത്തിക്കുമ്പോൾ മാത്രം.പകൽ ഇരുട്ട്. പലപ്പോഴും തട്ടി വീഴാറുള്ള ഇഷ്ടികകൾ മുറി വ്രിത്തിയാക്കുമ്പൊൾ അമ്മ പുറത്തെറിഞ്ഞിരുന്നില്ല.അവർ അത് ഭദ്രമായി ഒതുക്കിവെയ്ക്കുകയാണു ചെയ്യുക.അന്നു വയ്കുന്നേരവും അത് ആവർത്തിച്ചു.തിണ്ണയുടെ പാതിയോളമെത്തീ അനുവാദം കാക്കുന്ന മഴവെള്ളം!“വെലുക്കുന്ന വെരെ കാത്തു നിക്കത്തില്ല.”അത് ഒരു വെളിപാടായിരുന്നു..കന്യകമാർക്ക് ലഭിക്കാത്ത ഒന്ന്.

വൈകുന്നെരത്തൊടെ അച്ഛനെത്തി.അമ്മ അതു പ്രതീക്ഷിച്ചിരുന്നു എന്ന് അവരുടെ സ്വാഭികത ഓർമ്മിപ്പിച്ചു..അവർ തൊഴുത്തിൻെറ വാതിൽക്കൽ ചെന്ന് ഉച്ചത്തിൽ ആടുകളെ ശകാരിച്ചു..അവ കുട്ടികളേപ്പോലെ ശബ്ദം താഴ്ത്തി പിന്നെയും കരഞ്ഞു!! അടുപ്പിൽ നിന്നു കോരിയിട്ട ചാമ്പൽ നിരത്തി തറയിൽ കുറച്ച് സ്ഥലം അവർ ഉണക്കിയെടുത്തിരുന്നു.രാത്രിയിൽ അവിടെയിരുന്ന് അച്ഛനും മകനും അത്താഴം കഴിച്ചു.അച്ഛൻ കഴിച്ച ശേഷം അതേ പാത്രത്തിൽ അമ്മ ഭക്ഷണം വിളമ്പി.കിടക്കുമ്പോൾ കുട്ടിയുടെ ഉറക്കത്തിനു ഭംഗം വരുത്താതിരിക്കുവാനാവണം പതിഞ്ഞസ്വരത്തിലായിരുന്നു അവരുടെ സംഭാഷണം.

വാഗ്ദാനങ്ങളുടെ ഒഴിഞ്ഞ പാത്രവുമായി അവരെ സമീപിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല.അതുകൊണ്ട് അന്ന് കഥകളായിരുന്നു.“ഞങ്ങൾക്ക് കിട്ടിയ പണി ഒരണക്കെട്ട് നിർമ്മാണമായിരുന്നു”..അച്ഛൻ പറഞ്ഞു തുടങ്ങി.ബോഡോനാഗന്മാരുടെ ആക്രമണം ഉണ്ടാവാറുള്ള സ്ഥലം.തലമുറകളായി തുടരുന്ന ആക്രമണങ്ങളിൽ പുരുഷന്മാരുടെ എണ്ണം തീരെ കുറഞ്ഞിരുന്നു.ഒടുവിൽ ഗോത്ര തലവന്മാരുടെ തീരുമാനപ്രകാരം ഗ്രാമത്തിൻെറ സുരക്ഷ സ്ത്രീകൾ ഏറ്റെടുത്തു.“പെണ്ണുങ്ങളായിരുന്നു ..ഞങ്ങളുടെ ക്യാമ്പുകൾക്ക് കാവൽ”....നാഗത്തികൾ സുന്ദരികളാണെന്നു അച്ഛൻ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചു.അവരുടെ പ്രധാന ആയുധം നോട്ടവും കൈയ്യുകളുമാണെന്നും.അമ്മയുടെ ചില ചോദ്യങ്ങൾക്കാവണം..“ഇല്ല..നീയാണേ..സത്യം”..അച്ഛൻ എന്തോ ബോധ്യപ്പെടുത്താൻ സത്യം ചെയ്യുന്നത് കേട്ടു.“നിങ്ങളെ മരം നാറുന്നു”....
“പിന്നേ....അവിടം വിട്ടിട്ട് മാസങ്ങൾ കഴിഞ്ഞു..നിൻെറ തോന്നലാ..എല്ലാം..”അച്ഛൻെറ ഉറക്കം തളർത്തിയ മറുപടി..
നാടകം അവിടെയും അവസാനിച്ചില്ല.പുറത്ത് മഴയുടെ മേളപ്പെരുക്കം.രാത്രി കെട്ടഴിഞ്ഞ കമ്പളം കണക്കേ മണ്ണിൽ പട്ടു കിടന്നു. മിന്നലിൻെറ ഉലയിൽ ഇടയ്ക്കിടെ ഉയർന്നു തീ.കുട്ടിയുടെ യാത്ര അത്ഭുതങ്ങളുടെ ഉറവിടം തേടിയായിരുന്നു..കല്ലുകൾ കൊണ്ട് തീർത്ത ഒരു കോട്ടയിലേക്ക് ദൂരെ എവിടെയൊ നിന്ന് ഒഴുകിയെത്തുന്ന മെലിഞ്ഞ ഒരു പുഴ...നിറയുന്നതിൻെറ ഒച്ച കേൾക്കാം..ആകാശം മുട്ടെ പണിതുയർത്തിയ ശിൽപ്പികളിൽ ആർക്കോ പിഴച്ചിരിക്കുന്നു.!!.അസ്ഥിവാരം തുളച്ച് പുറത്തേക്കൊഴുകാൻ വെമ്പുന്ന നദിയെ കുട്ടിക്ക് കാണാമെന്നായി..മൂളൽ കേൾക്കാമെന്നും.

ഉണരുമ്പോൾ അമ്മയുണ്ട് അവധാനതയോടെ ആ പഴയ ഇഷ്ടികകൾ ഉയരത്തിൽ ഒതുക്കി വെയ്ക്കുന്നു..മുറിയിലെ റാന്തൽ അവർക്കു ഒരു പ്രഭാവലയം കൊടുത്തു.താഴെ ചാലിട്ടൊഴുകാൻ തുടങ്ങിയ വെള്ളം മുതിർന്നവരുടെ കാൽചുവട്ടിൽ പമ്മിക്കളിച്ചു തുടങ്ങിയെന്നു കുട്ടി കണ്ടുപിടിച്ചു.“ഇന്നിങ്ങെത്തിയതു നന്നായി..മറ്റന്നാൾ പൊഴി മുറിയും.” ഒരു കാത്തിരിപ്പിൻെറ അവസാനമെന്നൊണം അവരുറ്റെ മുഖത്തു തെളിഞ്ഞ ആശ്വാസം.വാതിലിൽ ഇടയ്ക്കിടെ മുട്ടി വിളിക്കുന്ന പ്രളയത്തെ മൂവരും കാതോർത്തു. തിണ്ണയും കവിഞ്ഞു പുറത്ത് നിറഞ്ഞു കഴിഞ്ഞ വെള്ളം ശക്തി കുറച്ച് അകത്തേക്ക് കടത്തി

വിടുക മാത്രമേ ഇനി ചെയ്യാനുള്ളു എന്നവർ മനസ്സിലാക്കി."പതിയെ തൊറക്കാം..ല്ല്യോ" ..അവർ മെല്ലെ.. വാതിലിൻെറ കൊളുത്തു നീക്കി..ഗർഭത്തിൽ നിന്നു ഒരു ആട്ടിൻ കുട്ടി പുറത്തേക്ക് തെന്നുന്ന ഊഷ്മളതയോടെ പ്രളയം അവരുടെ കാലുകളെ പുണർന്നു.

ഗുഹയിൽ വിരുന്നെത്തിയ മുനിയുടെ നരച്ച കണ്ണുകളായിരുന്നു വെള്ളത്തിനു..അത് മണലിലും തെങ്ങോലയിലും പടുത്ത ഭിത്തികളിൽ തടഞ്ഞു നിന്നു ധ്യാനത്തിലാണ്ടു..നീണ്ട ഒരു ദിവസം..അവർ കാത്ത് വെച്ച ഇഷ്ടികകളുടെ രഹസ്യം പുറത്തായതു ആ ദിവസമാണു.മുങ്ങിപ്പോകാതെ ബാക്കിയായ ഡെസ്കിൽ ഇഷ്ടിക നിറത്തി മുകളിൽ അടുപ്പു കൂട്ടി അവർ അത്യാവശ്യം ചപ്പാത്തികൾ ചുട്ടെടുത്തു.മൂന്നാം ദിവസം നേരത്തോട് നേരം .. രാത്രിയിൽ പ്രളയമൊന്നാകെ പിൻ വലിഞ്ഞു."ശ്രദ്ധിച്ചോടാ...ഭൂമിക്കടീന്ന്..കടലെറങ്ങിയതാ..."
"ഇതൊ"
"ഇതങ്ങനെ എപ്പഴും കാണത്തില്ല.വർഷത്തി രണ്ടു തവണ.."കുട്ടിക്ക് ഉറക്കമേ വന്നില്ല..ഇതുവരെ കൂട്ടിരുന്ന പ്രളയമാണു കടലിൻെറ വിളികേട്ട് പിന്നാലെ ഓടിപ്പോവുന്നത്... ദിവസങ്ങളോളം കരഞ്ഞ് കലങ്ങിയ കണ്ണുകളോടെ പ്രഭാതം ചിരിച്ചു.കായലോരത്തെ തെങ്ങോലകൾ വെട്ടിത്തിളങ്ങി.മണ്ണിൽ അവസാന ശ്വാസം കണക്കെ ചില കുമിളകൾ ഉയർന്നു.ഊർദ്ധ്വൻ മാതിരി..അനുനിമിഷം പടിയിറങ്ങി പോവുന്ന പ്രളയത്തിൻെറ തിരുശേഷിപ്പ്..ഉറങ്ങിപ്പോയ ഞണ്ടുകളിൽ ചിലത് ഇളിഭ്യരായി പകലിലേക്ക് ഇറങ്ങി വന്നു. ഉറക്കമൊഴിച്ച് കാത്തിരുന്ന നാട്ടുകാർ കൂട്ടംചേർന്ന് അവയെ വേട്ടയാടി.നീർനായയെ കണ്ടിരുന്നു ചിലർ. ഭയം മൂലം വെളിയിൽ പറയാഞ്ഞതാണെന്ന് പിന്നീടറിഞ്ഞു.

പതിവു തെറ്റാതെ പിന്നാലെയെത്തിയ പനിക്കാലവും കഴിഞ്ഞാണു അച്ചരൻ ആയിടെ തിരിച്ചു പോയതു.പ്രളയം കടക്കാത്ത ഭവനം എന്ന അദ്ദേഹത്തിൻെറ സ്വപ്നമാണു 'റോസ്ഡെയിൽ'.ഓരോ ശ്വാസത്തിലും അച്ചരൻെറ നിർമ്മിതി..ഒരു കുട്ടിയുറ്റെ ഉത്സാഹത്തോടെ അദ്ധേഹം വിരൽപ്പാടുകൾ പതിപ്പിച്ചു സന്തോഷിച്ച ദിവസങ്ങൾ..മാസങ്ങൾ..പോകെപ്പൊകെ വർഷങ്ങൾ...ഒരു മുറിയിൽ ഇരുട്ടിൻെറ ആധിക്യമുണ്ടാവണമെന്നു അച്ചരൻ വാശി പിടിച്ചു..നിലം മിനുക്കുന്നതിനു മുൻപു തന്നെ അവിടെ തൻെറ മുങ്കാല സമ്പാദ്യങ്ങൾ അടുക്കി വെച്ചു.പഴയ മൈസൂർക്കാലത്തിൻെറ ഓർമ്മയുള്ളൊരു മരപ്പെട്ടി.അകത്തു അക്കാലത്തു പ്രചാരത്തിലുണ്ടായിരുന്ന ഒരു പൊക്കെറ്റ് റേഡിയൊ....സുഗന്ധ ദ്രവ്യങ്ങൾ നിറച്ച ഒരു കൊമ്പ്.. ഭാഗികമായെങ്കിലും പണി പൂർത്തിയാകുമ്പൊൾ നാട്ടിലെ നീരൊഴുക്കു നിലച്ചിരുന്നു.അതോടെ തുലാമഴയിലും എടവപ്പാതിയിലും പുൻചക്കണ്ടവും പുരയിടവും..നിരങ്ങി വിരുന്നുപാർക്കാനെത്താറുള്ള കിഴക്കൻ വെള്ളം വടക്കുള്ള ഒരു കയം നിറഞ്ഞ കനാലിലൂടെ ആർക്കും ഉപകാരമില്ലാതെ കടലിലേക്കോഴുകി..വർഷകാലത്തു മാത്രം കരക്കാർക്കു കിട്ടാറുണ്ടായിരുന്ന പുഴമത്സ്യങ്ങളുടെ വരവും...അതോടെ നിലച്ചു.അദ്ദേഹത്തിനു നിരാശ തോന്നിക്കാണണം..പ്രളയം പലപ്പോഴും കൂട്ടിലിട്ട നായയുടെ മുരളലോടെ തീരം വരെ വന്ന് എത്തി നോക്കി തിരിച്ച് പോയി.

വെള്ളപ്പൊക്കത്തിൽ ഒലിച്ച് പോവാറുള്ള..ഓരും ഉപ്പും...പലപ്പോഴും വെയിലിൽ മണ്ണിൻെറ പുറത്തേക്ക് വന്നു.ചെളി മെഴുകിയ തിണ്ണകളിൽ ഇരിക്കാനാവാതെ..ഉഷ്ണകാലത്ത് എല്ലാവരും കഷ്ടപ്പെട്ടു.പിള്ളേർ നട്ടു വെച്ച പാവലും പടവലവും വരെ പൂക്കുന്നതിനു മുമ്പ് ഉണങ്ങി.

അമ്മയുടെ മാറ്റം പൂർണ്ണവും പ്രവചനാതീതവുമായിരുന്നു.അവർ സ്വാഭാവിക ശാന്തത വിട്ട് ഉച്ചത്തിൽ സംഭാഷണം തുടങ്ങി. കരുണയുടെ പ്രകാശം തങ്ങിനിന്ന കണ്ണുകൾ ഒരു കാക്കയുടെ രൂപം പൂണ്ടു.അത് അച്ചരൻെറ യാത്രാ പഥങ്ങൾക്ക് മീതേ അശാന്തമായി പറന്നു. ഇടയ്ക്കെപ്പോഴൊ ഡേവിഡ് ഇടപെടാൻ ശ്രമിച്ചു. അവർ ഒരു മറുപടിയിൽ എല്ലാം അവസാനിപ്പിച്ചു... "നിൻറച്ചരൻ ..എന്നെ ..സ്നേഹത്തൊടെ ഒന്ന് തൊട്ടിട്ട് ...വർഷങ്ങൾ കഴിഞ്ഞു.."

കലഹിക്കുമ്പൊൾ അവർ രണ്ട് രാജ്യങ്ങൾ പോലെ തോന്നിച്ചു..അംഗരാജ്യങ്ങളും..ആശ്രിതന്മാരും...പടത്തലവന്മാരും..പരിവാരങ്ങളുമുള്ള രണ്ട് രാജ്യങ്ങൾ!

പിന്നീടു നടന്നത് ഒരു പലായനമായിരുന്നു. രണ്ട് വശങ്ങളിലേക്കു വലിഞ്ഞ് പിഞ്ഞിപ്പോയ ഹ്രിദയവുമായി ഒരു രക്ഷപെടൽ...ഏത് അപരിചിതത്വവും സുരക്ഷിതമെന്നു തൊന്നിപ്പിച്ചേക്കാവുന്നത്ര വ്യഥിതം.....അയാൾ എത്തുമ്പൊൾ ഒരു 'ഉത്തരായണി'നു ശേഷം കൂർക്കം വലിച്ചുറങ്ങുകയായിരുന്നു നഗരം..പട്ടം പറത്തലിൻെറ മഹോത്സവമായ ഉത്തരായൺ...തൻെറ യാത്രോദ്ദേശമാരായാത്ത നഗരത്തോട് അയാൾക്ക് നന്ദി തോന്നി.നഗരം ഒരിടത്ത് അത്യാകർഷകമായ പരസ്യ ബോർഡ്കൾ തൂക്കി അതിൻെറ അപകർഷത മറയ്കുവാൻ ശ്രദ്ധിച്ചു..മറൂവശത്തു നഗ്നമായ അതിൻെറ ചരിത്രം നേരിയ മാറ്റങ്ങളോടെ നിലകൊണ്ടു.പഴയ കൊട്ടാരമൈതാനം 'ഗോൾഫ് കൊഴ്സാ'യി മാറിയപ്പൊഴും...മയിലുകൾ വന്നിരിക്കാറുള്ള കുത്തബ്ബൂദ്ധീൻ മുഹമ്മദിൻെറ മക്ബറ യിൽ മരങ്ങളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരുന്നു.കണിക്കൊന്നകൾ..നെല്ലിമരങ്ങൾ..അലങ്കാരപ്പനകൾ..വിവിധയിനം അരളികൾ, ചെമ്പകം...സമധാനം തേടി എത്താറുള്ള മനുഷ്യർ..വ്രുദ്ധകൾ കൊണ്ടുവരാറുള്ള ധാന്യ പൊതികൾ...നട്ടുച്ചയിൽ സല്ലപിക്കാനെത്തുന്ന മധ്യവയസ്കരായ..നവദമ്പതിമാർ.ധാന്യശേഖരത്തിൻെറ മൊത്താവകാശികളായ.....പ്രാവുകൾ.... ഇലവുമരത്തിനു കീഴെ ആരുമുണ്ടായിരുന്നില്ല...ആകാശത്ത് നിലവിട്ട് പാറുന്ന പട്ടങ്ങൾ അപ്പോഴും പൊട്ട്പോലെ..ദിവസങ്ങൾക്ക് ശേഷം അവ നിലംതൊടാം..അല്ലെങ്കിൽ പറന്നുകൊണ്ടേയിരിക്കുന്നുണ്ടാവും...മാണ്ഡ്വിയിലെ 'ചാർദർവാജ'ക്ക് മുകളിൽ..ഏതെങ്കിലും പട്ടാനി കുട്ടിക്ക് അതിൻെറ നൂൽതുമ്പ് പിടികിട്ടും വരെ..ഡേവിഡിൻെറ കാര്യവും മറിച്ചായില്ല..അയാളും പറന്നു വർഷങ്ങളോളം..നഗരത്തിൽ..നവരാത്രി വന്നു..ദീപാവലിയും..ഈദും..നല്ല ദിവസങ്ങൾക്ക് ശേഷം..ലഹളയും..കർഫ്യൂവും പിന്നാലെയെത്തി.നഗരം പ്രത്യാശ കൈവിട്ടില്ല..ഉത്സവങ്ങൾ ഒന്നൊന്നായി പിന്നെയും വന്നു. മാസങ്ങൾക്ക് ശേഷം അമ്മയെ ഫോണിൽ വിളിച്ചു. ആദ്യത്തെ ആവേശം മെല്ലെ ദേഷ്യത്തിലേക്ക് വഴിമാറിയപ്പോൾ 'ങും' എന്നു മൂളുക മാത്രം.ഒരു വിശേഷവും."നിൻെറ അച്ഛരൻ..നാട് വിട്ട് ടൗണിലാണു താമസം..എത്ര ദിവസത്തേക്കാണെന്നറിയില്ല."അമ്മയെക്കുറിച്ച് ഒന്നും പറയാഞ്ഞതു മനപ്പൂർവ്വം തന്നെയാവാം.ഒളിയമ്പുകൾ എയ്യുന്നതിലെന്നും സമർത്ഥ..ദിവസങ്ങൾക്ക് ശേഷം വീണ്ടും വിളിച്ചപ്പോൾ അമ്മ കുറേനേരം സംസാരിച്ചു..ലോഭമില്ലാതെ..പലപ്പോഴും കുറ്റപ്പെടുത്തി. എന്നാൽ ഒരിക്കൽ പോലും അവർ കരഞ്ഞില്ല.

നഗരത്തോട് കടപ്പാട് രൂപപ്പെടുന്നതിനു പിന്നെയും സമയമെടുത്തു.മനുഷ്യൻ എന്ന നിലയിൽ ജീവിതം നിഷ്ഫലമായി കവിഞ്ഞൊഴുകി പോകുമ്പൊഴും അതിലൊരു പാഴ്മരത്തിൻെറ കൂടി സാന്നിദ്ധ്യമില്ലാതെ...ഓർമ്മയിൽ മാത്രം കാമിക്കാൻ വിധിക്കപ്പെട്ട ക്രൂര ജന്മം."നീയൊരു കഴുതയാണു". വാടകവീടിൻെറ ഉടമ ഭവാസ്കറുടെ മരുമകൾ ഒരു ദിവസം പറഞ്ഞു.താഴത്തെ നിലയിലെ ബീഹാറി പട്ടാളക്കാരനെ കണ്ടു പഠിക്കാൻ ഉപദേശിക്കുകയും ചെയ്തു.

വേനലിലും മഴയിലും ഉദ്യാനം ഒരു പോലെ പുഷ്പിച്ച് നിൽക്കുന്നതിൻെറ രഹസ്യം എന്താണു? ഡേവിഡിൻെറ ചോദ്യം തോട്ടക്കാരൻ പർമാറിൽ അത്ഭുതം ഒന്നും തന്നെ ഉണർത്തിയില്ല."ഞങ്ങൾക്ക് വേനലും മഴയും ഒന്നുമല്ല പൈസ തരുന്നതു.ഖജനാവിൽ നിന്നാണു"...ഒരു തമാശ പറഞ്ഞ് ലാഘവത്തിൽ അയാൾ ചിരിച്ചു.നിങ്ങൾ കാണുന്നില്ല അല്ലെങ്കിൽ ശ്രദ്ധിക്കുന്നില്ല. ഞങ്ങൾ ഓരോ ചെടിയേയും കുട്ടികളേക്കാൾ കാര്യമായിട്ടാണു പരിരക്ഷിക്കുന്നത്.വെയിൽ ചാഞ്ഞിരുന്നു.തോട്ടക്കാരൻ ധ്രുതിയിൽ പ്ണി തുടർന്നു.ഇടയ്ക്ക് ആകാശ്ത്തിലേക്കു നീട്ടിയെറിഞ്ഞ വല പോലെ മക്ബറയുടെ കമാനത്തിനു ചുറ്റും പ്രാവുകൾ ഒന്നിച്ച് പറന്നുയർന്നു.അടുത്ത നിമിഷം തിരിച്ചു വിളിക്കപ്പെട്ടതു പോലെ അവ ഒന്നിച്ച് തിരിച്ചിറങ്ങി. അവിടെ സൂഫിയുടെ ഖബറിനരികിൽ അദ്ദേഹം പറഞ്ഞു വരുത്തിയ വിരുന്നുകൾക്ക് മുൻപിൽ ഇരതേടാനുള്ള വിദ്യ അവ ഒരിക്കൽ കൂടി മറന്നു.

മറ്റൊരു യാത്ര..വേറൊരു നഗരം അത്രയെ ഉദ്ദേശിച്ചിരുന്നുള്ളു..വന്നെത്തിയതു അച്ഛരനൊപ്പം. റോസ് ഡെയിലിൻെറ വിവരണം മദ്യത്തിൽ മുങ്ങിയ ആ ദിവസം ഡേവിഡിനു ഒന്നു മനസ്സിലായി. അച്ഛരനെപ്പോലെ ജീവിക്കാനും പ്രേമിക്കാനും അധികം അദ്ധ്വാനം ആവശ്യമില്ലന്നു.

വീട്ടിലേക്ക് പെട്ടന്നൊരു പ്രവേശനം സാദ്ധ്യമായിരുന്നില്ല. പുതിയ കാവൽക്കാരൻ ഉഗ്രൻ കുര തുടങ്ങി. അമ്മ പുറത്ത് വന്ന് അവനോടെന്തോ അടക്കം പറഞ്ഞു.

വീട്ടിയിൽ കടഞ്ഞ കട്ടിള വിളക്കെണ്ണ തൂത്ത് നന്നായി കറുപ്പിച്ചതിനു പിന്നിൽ അമ്മ തന്നെയാവണം.ആ വാതിലിൻെറ തിളക്കത്തിൽ അവർക്ക് പലപ്പോഴും ഉന്മാദം പിടിപെടുന്നതായി ഡേവിഡിനു തോന്നിയിരുന്നു.അച്ഛനോട് എതിരിടുമ്പൊഴും അമ്മ അതിനു സമാനമായ ചിലതു വിളിച്ച് പറയുന്നതു കേട്ടിട്ടുണ്ട് "എൻെറ ശരീരമല്ലേ നശിച്ചുള്ളൂ..നിങ്ങളെപ്പോഴും..ചെറുപ്പം". ഏതായാലും.. കട്ടിളയുറപ്പിക്കുമ്പൊൾ അച്ഛൻ കള്ളത്തരം കാണിച്ചിരിക്കാൻ സാദ്ധ്യത കുറവാണു.അന്നവർ
രണ്ട്പേരും ചെറുപ്പമായിരുന്നു..ഇപ്പോൾ അതിൻെറ തിളക്കം ഒരഭംഗിയായി തോന്നിയ ദിവസം തന്നെ അതു മാഞ്ഞുപൊയിരുന്നിരിക്കാം..തെളിവില്ലാതെ..
അവിടെ അമ്മ ഒരിക്കലും വെറുതെയിരുന്നില്ലെന്നു അവരുടെ പുതിയ ശീലങ്ങളിൽ നിന്നും ഡേവിഡ് ഊഹിച്ചു.അവർ കാക്കകൾക്ക് പേരിട്ടു.ചിലതിനു തീറ്റയെറിഞ്ഞു.ആട്ടിൻ കുട്ടികളെ കുളിപ്പിച്ചു.അയാളോടു ക്രുത്യമായും..തീർച്ചയായും ആടുകളുടെ ഇടയിൽ ചിലവിടുന്നതിനേക്കാൾ കുറച്ച്..സമയം ചിലതൊക്കെ പറഞ്ഞു.അടുത്ത ദിവസം സന്ധ്യക്കു അയൽപക്കം തെണ്ടി തിരിച്ചെത്തിയ 'മേനു' എന്ന പൂച്ചക്കുട്ടിയെ അയാൾ കാൺകെ മടിയിലിരുത്തി താലോലിച്ചു. ചൂണ്ട് വിരലിൽ കടിപ്പിച്ചു.
" ഷുഗറുള്ളതാ..ശരിക്കും കടിച്ചാൽ പഴുക്കും." അയാളിൽ നിന്നും പുറപ്പെട്ടതു ഉച്ചത്തിലായിരുന്നു.
"നിന്നെയൊ നിൻറച്ഛനെയൊ പോലല്ല...വെഷമുണ്ടേലും..അമർത്തി കടിക്കത്തില്ല." അവരുടെ ശബ്ദം ശാന്തവും..
"പൊള്ളുന്നു"..കുളിരിൻെറ..കറുപ്പ് ചുറ്റിവന്ന കായൽ കാറ്റിനോട് അയാൾ ഒരു കളവു പറഞ്ഞു.പിന്നെ ഇരുട്ടിൽ നോക്കിയിരുന്നുപൂച്ചയുറക്കം തുടങ്ങി..

****